# സമഗ്ര കേര വികസന ക്ലസ്റ്റർ പദ്ധതി – 2010–11
# നാളികേര വികസന ബോർഡ്
(കൃഷി മന്ത്രാലയം, ഭാരത സർക്കാർ) കേര ഭവൻ, കൊച്ചി – 682 011

Ph:0484-2377266,67 Fax:0484-2377902, E-mail:cdbkochi@dataone.in, Web:www.coconutboard.nic.in


F.No 597(1) 2010-DEV(KERALA) 22-02-2010

## വികസന പ്രവർത്തനത്തിന് അപേക്ഷ ക്ഷണിക്കുന്നു

നാളികേര വികസന ബോർഡ്, കൊച്ചി 2010–11 സാമ്പത്തിക വർഷത്തിൽ, കർഷകകൂട്ടായ്മയിലൂടെ ശാസ്തീയ പരിചരണ മുറകൾ അനുവർത്തിച്ചും, അനുയോജ്യമായ ഇടവിള കൃഷിചെയ്തും തെങ്ങിന്റെ ഉത്പാദനവും/ ഉത്പാദനക്ഷമതയും വർദ്ധിപ്പിച്ച് തെങ്ങുകൃഷി ലാഭകരമാക്കി മാറ്റാമെന്ന് മാതൃക കാണിക്കുന്ന സമഗ്ര നാളികേര വികസന പദ്ധതി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കോഴിക്കോട്, മലപ്പുറം, പാലക്കാട്, എറണാകുളം എന്നീ ജില്ലകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതിയിൽ പങ്കാളികളാകാൻ താൽപര്യമുള്ള കേര കർഷക കൂട്ടായ്മകളിൽ നിന്നും താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകൾ **08.04.2010** ന് വൈകുനേരം 4.30ന് മുമ്പായി നാളികേര വികസനബോർഡ് കൊച്ചി ഓഫീസിൽ ലഭിക്കേണ്ടതാണ്.

### പ്രാഥമിക യോഗ്യതകൾ

1. പ്രകൃതിദത്തമായ നാല് അതിരുകളോടുക്കൂടിയ തുടർച്ചയായി കിടക്കുന്ന 25 ഹെക്ടർ (62.5 ഏക്കർ) തെങ്ങു കൃഷി നടത്തപ്പെടുന്ന സ്ഥലത്തെ കേര കർഷകരുടെ കൂട്ടായ്മയാണ് ക്ലസ്റ്റർ എന്നതുകൊ് ഉദ്ദേശിക്കുന്നത്. ഇടവിട്ടിട്ടുള്ളതും ചിതറികിടക്കുന്നതുമായ സ്ഥലങ്ങൾ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകൾ സ്വീകരിക്കുന്നതല്ല.
2. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഒരു ജില്ലയിൽ 25 ഹെക്ടർ വിസ്തൃതിയിലുള്ള 14 അനുയോജ്യമായ ക്ലസ്റ്ററുകൾ മാത്രമേ തിരഞ്ഞെടുക്കുകയുള്ളൂ.
3. പ്രസ്തുത പദ്ധതി പ്രദേശത്ത് തെങ്ങ് ഒരു മുഖ്യ വിളയായി കൃഷിചെയ്യുന്നതും (80%), അതിൽ 70% തെങ്ങുകളെങ്കിലും കായ്ഫലം തരുന്നവയും ആയിരിക്കണം.
4. ക്ലസ്റ്റർ പ്രദേശത്തെ 5 തെങ്ങിനു മുകളിൽ കൃഷിയുള്ള എല്ലാവരെയും നിർബന്ധമായും ക്ലസ്റ്ററിലെ അംഗമാക്കിയിരിക്കണം.
5. കേര കർഷക കൂട്ടായ്മകളാണ് അപേക്ഷിക്കേണ്ടത്. SCB/ Nationalised Banks / NGOs / Panchayath, Krishi Bhavan തുടങ്ങിയവരുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന കർഷക കൂട്ടായ്മകൾക്കും അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ രജിസ്റ്റർ ചെയ്ത ക്ലസ്റ്റർ ആവണമെന്ന് നിർബന്ധമില്ല. പക്ഷേ, തിരഞ്ഞെടുക്കപ്പെടുന്ന ക്ലസ്റ്ററുകൾ നിർബന്ധമായും ബോർഡിന്റെ നിബന്ധനകൾക്ക് വിധേയമായി രജിസ്റ്റർ ചെയ്യേണ്ടതാണ്.
6. പദ്ധതി പ്രദേശത്തെ കർഷകർ കേരാധിഷ്ഠിത ബഹുവിള കൃഷി രീതികൾ അനുവർത്തിക്കുവാനും ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കാൻ തയ്യാറായിട്ടുള്ളവരും, പ്രാഥമിക സംസ്കരണം, മൂല്യവർദ്ധിത ഉല്പന്നങ്ങളുടേയും, ഉപോൽപന്നങ്ങളുടേയും ഉൽപാദനത്തിന് താൽപര്യമുള്ളവരും ആയിരിക്കണം.
7. ക്ലസ്റ്ററുകൾ ജില്ലയിലെ ഏതെങ്കിലും ഒരു ഭാഗത്തുമാത്രം കേന്ദ്രീകൃതമായി നൽകുന്നതല്ല. മറിച്ച് ജില്ലയിലെ പ്രദേശിക പ്രത്യേകളനുസരിച്ച് പ്രാധിനിത്യം ഉറപ്പുവരുത്തുന്ന രീതിയിൽ വിഭജിച്ച് നൽകുന്നതാണ്.

### അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

a) പദ്ധതി പ്രദേശത്തിന്റെ ഭൂപടം *(ജില്ലയിൽ ക്ലസ്റ്റിന്റെ സ്ഥാനം കാണിക്കുന്ന സാധാരണ ജില്ലാ ഭൂപടം) ജില്ല ആസ്ഥാനത്തുനിന്ന് ക്ലസ്റ്റിലെത്താനുള്ള വഴി, ദൂരം, ബസ് സ്റ്റോപ്പ് തുടങ്ങിയ വിവരങ്ങൾ കാണിച്ചിരിക്കണം)*

b) കർഷക കൂട്ടായ്മ രൂപികരിക്കുന്ന പ്രഥമ ജനറൽ ബോഡി യോഗത്തിൽ കൺവീനർ, ഗ്രൂപ്പ് ലീഡർ (മിനിമം 5 പേർ) എന്നിവരെ തിരഞ്ഞെടുക്കേതും പ്രസ്തുത യോഗത്തിൽ പങ്കെടുത്ത കർഷകരുടെ ഹാജർ രേഖപ്പെടുത്തിയ മിനിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി ഭാരവാഹികളുടെ സാക്ഷ്യപത്രത്തോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. പ്രസ്തുത യോഗത്തിൽ ക്ലസ്റ്ററിൽ ഉൾപ്പെട്ട 75% കർഷകരെങ്കിലും പങ്കെടുത്തിരിക്കേണ്ടതാണ്. (കൺവീനർ, ഗ്രൂപ്പ് ലീഡർമാർ മറ്റു ഭാരവാഹികളുടെ പൂർണ്ണമായ മേൽവിലാസം, ഫോൺ/മൊബൈൽ ഫോൺ നമ്പർ, എന്നിവ കാണിച്ചിരിക്കണം).

c) തിരഞ്ഞെടുക്കപ്പെടുന്ന ക്ലസ്റ്ററിന് ആവശ്യമായ ഉത്പാദനോപാധികൾ രാസവളം എന്നിവ മുൻകൂർ സംഭരിച്ച് നൽകാമെന്ന് ലൈസൻസുള്ള സഹകരണ ബാങ്ക് / സൊസൈറ്റികളുടെ സമ്മതപത്രം.

d) ക്ലസ്റ്ററിലെ കർഷകർക്ക് കേരവികസന പദ്ധതി പ്രകാരം ഇതുവരെ സംസ്ഥാന സർക്കാർ / പഞ്ചായത്ത് / കൃഷിഭവൻ / ബോർഡ് എന്നീ സ്ഥാപനങ്ങളിൽ നിന്നു ലഭിച്ചിട്ടുള്ള സാമ്പത്തിക സഹായത്തിന്റെ വിശദവിവരങ്ങൾ.

e) നാളികേര വികസന ബോർഡ്, കൃഷിഭവൻ, പഞ്ചായത്ത് തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ രു വർഷത്തെ സമഗ്ര കേര വികസന പദ്ധതി നടപ്പിലാക്കിയിട്ടുള്ള ക്ലസ്റ്ററുകൾ 2010-11 വർഷത്തെ പദ്ധതിക്ക് അപേക്ഷിക്കാൻ അർഹരല്ല.

f) പദ്ധതി പ്രദേശത്തെ എല്ലാ കർഷകരേയും ക്ലസ്റ്ററിന്റെ അംഗത്വത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ള സത്യവാങ്ങ് മൂലം (പഞ്ചായത്ത് പ്രസിഡന്റ്/വാർഡ് മെമ്പർ, എന്നിവർ സാക്ഷ്യപ്പെടുത്തിയിരിക്കണം).

g) അപേക്ഷകൾ താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ വെള്ളപേപ്പറിൽ തയ്യാറാക്കി ബോർഡിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

| ക്രമ നമ്പർ | കർഷകരുടെ പേര് / വിലാസം | സർവ്വേ നമ്പർ | വിസ്തൃതി (ഹെക്ടർ) | | കായ്ഫലം(എണ്ണം) | | ഇടവിള കൃഷിയുടെ വിവരം | ലഭ്യമായ മറ്റ് സാമ്പത്തിക സഹായം* | കർഷകരുടെ ഒപ്പ് |
|---|---|---|---|---|---|---|---|---|---|
| | | | കൃഷിയിടം | തെങ്ങ് കൃഷി | ഉള്ളത് | ഇല്ലാത്തത് | | | |
| | | | | | | | | | |
| മൊത്തം | | | | | | | | | |

** കേര കർഷകർക്ക് കേരവികസന പദ്ധതി പ്രകാരം സംസ്ഥാന സർക്കാർ / പഞ്ചായത്ത്/ കൃഷിഭവൻ / ബോർഡ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള സാമ്പത്തിക സഹായത്തിന്റെ വിശദവിവരങ്ങൾ നൽകേണ്ടതാണ്.*

## ക്ലസ്റ്ററിന്റെ ഉത്തരവാദിത്വങ്ങൾ / മറ്റു പൊതു വിവരങ്ങൾ

ബോർഡ് രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതി അപേക്ഷകൾ പരിശോധിക്കുന്നതും യോഗ്യമായ അപേക്ഷകളുടെ പദ്ധതി പ്രദേശം സന്ദർശിച്ച് വിലയിരുത്തിയതിനു ശേഷം മാത്രമേ പദ്ധതി നടത്തിപ്പിന് പ്രാഥമിക അനുമതി നൽകുകയുള്ളൂ.

- പദ്ധതി പ്രദേശത്തെ രോഗം ബാധിച്ചതും കായ്ഫലമില്ലാത്തതും മണ്ട മറിഞ്ഞു നിൽക്കുന്നതുമായ തെങ്ങുകളുടെ സമയ ബന്ധിതമായ നിർമാർജനം (പ്രവർത്തനങ്ങളുടെ തുടക്കത്തിനുശേഷം രണ്ടുമാസത്തിനുള്ളിൽ) ആവശ്യമായും ചെയ്തിരിക്കേണ്ടതാണ്.
- പദ്ധതി പ്രദേശത്തുള്ള എല്ലാ തെങ്ങുകളുടേയും തടം നിർദിഷ്ട അളവിൽ കർഷകരുടെ സ്വന്തം ചിലവിൽ തുറക്കേണ്ടതാകുന്നു.
- പദ്ധതി പ്രദേശത്തെ തണൽ ക്രമീകരിക്കുന്നതിനായി ചോല മരങ്ങളുടെ ശിഖരങ്ങൾ മുറച്ചു മാറ്റേതാണ്.
- നിയമാവലിക്കനുസരിച്ച് വാർഷിക പൊതുയോഗം/ പൊതുയോഗം/ ഗ്രൂപ്പ് മീറ്റിംഗ്/ ഭരണസമിതിയുടെ മീറ്റിംഗ് / പരിശീലനം എന്നിവ സമയബന്ധിതമായി നടപ്പിലാക്കണം.
- ക്ലസ്റ്റിലെ നിയമം അനുശാസിക്കുന്ന രേഖൾ (Minites Book, Stock Register, Distribution register / farmers book, etc) സൂക്ഷിച്ചിരിക്കണം.
- നിയമം അനുശാസിക്കുന്ന മറ്റു വ്യവസ്ഥകൾ പാലിക്കണം.
- തിരഞ്ഞെടുക്കുന്ന ക്ലസ്റ്ററുകളിൽ, നടപ്പു സാമ്പത്തിക വർഷത്തിൽ നടപ്പിൽ വരുത്താനുദ്ദേശിക്കുന്ന വിവിധ കൃഷി രീതികളുടെ കരടു രേഖ കാർഷിക മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ KAU, CPCRI, KVK, Krishi Bhavan എന്നിവരുടെ സഹായത്തോടെ തയ്യാറാക്കി ബോർഡ് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. നടപ്പു വർഷത്തിൽ അംഗീകരിച്ച രേഖക്കനുസരിച്ച് പ്രവർത്തനം നടത്തേണ്ടതുമാണ്.
- പദ്ധതി പ്രദേശത്തുള്ള മുഴുവൻ കർഷകർക്കും സമയബന്ധിതമായി ഗുണമേൻമയുള്ള ഉത്പാദനോപാധികളുടെ സംഭരണവും, വിതരണവും കൺവീനർ തലവനായുള്ള ഭരണ സമിതിയിൽ നിക്ഷിപ്തമായിരിക്കും.
- കർഷകർക്ക് വിതരണം നടത്തുന്ന ഉത്പാദനോപാധികൾ വിതരണം നടത്തിയതിനുശേഷം അതാത് കർഷകന്റെ കൈയൊപ്പോടുകൂടിയ വിതരണ രസീത് രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. ആയതിന്റെ പകർപ്പ് കൺവീനറുടേയും ഗ്രൂപ്പ് ലീഡർമാരുടേയും സാക്ഷ്യപത്രത്തോടുകൂടി ബോർഡിൽ സമർപ്പിക്കേണ്ടതാണ്.
- ക്ലസ്റ്ററിന് അർഹമായ ഉത്പാദനോപാധികൾ മുൻകൂറായി ലൈസൻസുള്ള സഹകരണ സൊസൈറ്റി / സർക്കാർ സ്ഥാപനങ്ങളിൽ നിന്നും തരപ്പെടുത്തേണ്ടതും പദ്ധതിയുടെ നിർവഹണത്തിനു ശേഷം അർഹമായ അനുകൂല്യം സബ്സിഡിയായി സഹകരണ സൊസൈറ്റി / സർക്കാർ സ്ഥാപനങ്ങൾക്ക് നൽകുന്നതുമാണ്.
- സേവന മനസ്സ്കരും, നേതൃത്വ പാടവമുള്ളവരും ലാഭേഛയില്ലാതെ സമൂഹത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കാൻ തയ്യാറുള്ളവരെയാണ് കൺവീനർ / ഗ്രൂപ്പ് ലീഡർമാരായി തെരെഞ്ഞടുക്കേണ്ടതാണ്.
- ഉത്പാദനോപാദികൾ സർവ്വീസ് സഹകരണ ബാങ്ക് സംഭരണശാലവരെ പദ്ധതി ചിലവിൽ എത്തിക്കുന്നതാണ്. മറ്റുള്ള ചിലവുകൾ കർഷകർ വഹിക്കേണ്ടതാണ്.
- ക്ലസ്റ്റർ തിരഞ്ഞെടുപ്പിൽ ഏതെങ്കിലും തരത്തിൽ ഇടപെടുന്നതോ / സ്വാധീനം ചെലുത്താൻ ശ്രമിക്കുന്നതോ ആയ അപേക്ഷകരെ അയോഗ്യരാക്കുന്നതാണ്.

**മുഖ്യ നാളികേര വികസന ഓഫീസർ**